# ജാമക്കാരൻ
# JAMAKKARAN

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 4**

**APRIL - 2022 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**



കർത്താവിൽ പ്രിയരെ,

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം.

നേരത്തെ സൂചിപ്പിച്ചതുപോലെ 3 മാസത്തെ മാസിക (മാർച്ച്, ഏപ്രിൽ, മെയ്) ഒരുമിച്ച് അയയ്ക്കുന്നു.

കഴിഞ്ഞ ജനുവരി മാസം തുടങ്ങി അനേകം വായനക്കാർ എന്നെ നേരിൽ കാണുവാൻ ആഗ്രഹിച്ചു ബന്ധപ്പെട്ടിരുന്നു. കഴിഞ്ഞ 2 വർഷങ്ങളായി ഒരു കൺവെൻഷൻ യോഗങ്ങളിലും പ്രസംഗിക്കാത്തതു കൊണ്ട്, ഇൻഡ്യ മുഴുവനും ഉള്ള എന്നെ സ്നേഹിക്കുന്ന, എന്റെ ശുശ്രൂഷയെ സഹായിക്കുന്ന, എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് 2 വർഷങ്ങളായി എന്നെ കാണുവാൻ കഴിയാതെ പോയി. കൊറോണ തരംഗം കാരണം 2 വർഷങ്ങളായി ഞാൻ കൺവെൻഷനിലൊന്നും പ്രസംഗിച്ചിട്ടില്ല. എനിക്കും, നിങ്ങളെ നേരിട്ട് കാണുവാൻ ആഗ്രഹമുണ്ട്. പക്ഷേ, പുറത്തെവിടെയും ഇറങ്ങുവാൻ കഴിയാത്ത സ്ഥിതി എന്നെ തടഞ്ഞു.

# APRIL- 2022

2020 & 2021 വർഷങ്ങളിൽ കൊറോണ വൈറസ് ബാധിക്കപ്പെട്ട് അനേകം കുടുംബങ്ങൾ വ്യസനത്തിലായി. അനേകം പേർ മരണപ്പെട്ടു, അനേകരുടെ ജോലി നഷ്ടപ്പെട്ടു. അനേകർ, കൂട്ടിലടയ്ക്കപ്പെട്ട പക്ഷികളെപ്പോലെ, അടയ്ക്കപ്പെട്ടു ഭവനങ്ങളിലായി. കുഞ്ഞുങ്ങൾക്ക് സ്കൂളുകളിലും കോളേജുകളിലും പോകുവാൻ കഴിയാതവണ്ണം സ്കൂളുകളും കോളേജുകളും പൂട്ടപ്പെട്ടു. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഓൺലൈൻ വഴിയായി. കുഞ്ഞുങ്ങൾ ഭവനങ്ങളിൽ ബന്ധിക്കപ്പെട്ട അവസ്ഥയിൽ ആയപ്പോൾ അവരുടെ മാതാപിതാക്കളും അതിനാൽ വിഷമാവസ്ഥകളിൽ ആയി. വായനക്കാർ അറിഞ്ഞ പ്രകാരം എന്റെ ഭവനത്തിൽ ഞാനും ഭാര്യ, മകൻ, മരുമകൾ, കോളേജിൽ പോകുന്ന കൊച്ചു മകൻ, 12–ാം ക്ലാസ്സിൽ പഠിക്കുന്ന കൊച്ചുമകൾ എല്ലാവരും കൊറോണ ബാധിതരായി. ഭവനത്തിലുള്ള ഞാനൊഴികെ മറ്റുള്ളവർ 4 ദിവസം കൊണ്ടു തന്നെ ആശുപത്രിയിൽ പോകാതെ മരുന്നു കഴിച്ച് സൗഖ്യം പ്രാപിച്ചു. ഞങ്ങളുടെ കുടുംബത്തിൽ കൊറോണ ബാധിക്കാത്തത് ബാംഗ്ലൂരിലുള്ള എന്റെ മകളുടെ കുടുംബം മാത്രമാണ്. എന്റെ മകൾ ഷീബ, കൊച്ചുമകൾ പ്രാർത്ഥന (12 വയസ്സ്), മരുമകൻ ഡോ. പ്രഭുസിംഗ് (പ്രിൻസിപ്പാൾ SIASCS ബൈബിൾ കോളേജ്, ബാംഗ്ലൂർ). ദൈവകൃപയാൽ മകളുടെ കുടുംബം രക്ഷപ്പെട്ടു. ഇതിൽ വളരെ സീരിയസ്സായി മരണ അവസ്ഥയിൽ ആയത് ഡോ. പുഷ്പരാജ് ആയ ഞാൻ മാത്രമാണ്. 18 ദിവസങ്ങൾ സേലം എസ്.കെ.എസ്. ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്നു. അതേ ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്ന നാലഞ്ചു ദൈവവേലക്കാർ മരണപ്പെട്ടു. അവരുടെ ശരീരങ്ങളെ ആംബുലൻസിൽ കൊണ്ട് പോകുന്നത് ഞാൻ കണ്ടു. ദൈവം എന്നോട് കരുണ ചെയ്തു എന്റെ ആയുസ്സ് നീട്ടി തന്നു. എന്നെ സൗഖ്യപ്പെടുത്തി.

ഏകദേശം രണ്ടു മാസത്തോളം എന്റെ ഭവനത്തിൽ ഒരു മുറിയിൽ തന്നെ കിടന്നു.ആ കിടപ്പിൽ ആയിരുന്നതുകൊണ്ട് തന്നെ എന്റെ ദൈവ വേലയെ എല്ലാം ചെയ്തു തീർത്തു. ഇപ്പോൾ പലരും ചോദിക്കുന്നു.ഇന്ത്യയിലും വിദേശത്തുമുള്ളവർ, ഡോക്ടർ ഇപ്പൊ എങ്ങനെയുണ്ട്? ഡോക്ടറുടെ ഈ 82–ാം വയസ്സിൽ കൊറോണയുടെ ആദ്യ തരംഗത്തിൽ തന്നെ ബാധിതനായി, ഇപ്പൊ

ക്ഷീണം കാരണം നടക്കാൻ പറ്റുന്നുണ്ടോ? ഇങ്ങനെയുള്ള അവസ്ഥയിൽ, ഞങ്ങൾ ഡോക്ടറുടെ മുഖം കാണാൻ ആഗ്രഹിക്കുന്നു. TV യിൽ പഴയ മുഖത്തെയും പഴയ പ്രസംഗത്തെയും കാണിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ പലരും എഴുതിയത് കൊണ്ട്, കഴിഞ്ഞ മാസം 28–ാം തിയതി ഞാനും എന്റെ ഭാര്യയും സ്റ്റുഡിയോയിൽ പോയി ഫോട്ടോ എടുത്തു. അതിനെ എന്റെ



ജംആക്കാരൻ വായനക്കാർക്ക് ഈ മാസത്തെ മാസികയിൽ പ്രസിദ്ധീകരിക്കുന്നു. എന്നെ ഉയർത്തിക്കാണിക്കുവാനല്ല ഈ ഫോട്ടോ കാണിക്കുന്നത്. നിങ്ങൾ ഓരോരുത്തരും ഫോട്ടോയിൽ കൂടിയെങ്കിലും കാണണം എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ പ്രസിദ്ധീകരിക്കുന്നത്. മുമ്പത്തേക്കാൾ അധികമായി ദൈവം എനിക്ക് സൗഖ്യവും ആരോഗ്യവും തന്നു. എന്റെ ഭാര്യയും എന്റെ മരുമക്കളും നല്ല ആഹാരവും സൂപ്പും നൽകി ബലപ്പെടുത്തി. മുൻപത്തേക്കാൾ 2 Kg തൂക്കം എനിക്ക് കൂടിയിട്ടുണ്ട്.



ഞാൻ കിടപ്പായിട്ടും ദൈവവേല ഒന്നും മുടങ്ങാതെ, പണത്തിനും ബുദ്ധിമുട്ടൊന്നും ഉണ്ടാകാതെ കാരുണ്യവാനായ കർത്തവ്എന്റെ വായനക്കാർ വഴിയായിട്ട് ധാരാളം സാമ്പത്തിക സഹായം ചെയ്തു എന്നെ സഹായിച്ചു. 18 ദിവസം ആശുപത്രി ചികിത്സക്കായി 5 1/4 ലക്ഷം രൂപ ചിലവായി. ചില വിശ്വാസ കുടുംബങ്ങൾ ഈ ചിലവ് ഏറ്റെടുത്തു. അതുകൊണ്ട് പണത്തിനു ബുദ്ധിമുട്ടില്ലാതെ ദൈവം കൃപ ചെയ്തു. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ.

ഈ സമയത്ത്, എന്റെ വീടിനെക്കുറിച്ചും ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കാനാഗ്രഹിക്കുന്നു.



സേലം ജംഗ്ഷൻ റെയിൽവേ സ്റ്റേഷന്റെ സമീപത്തായി കഴിഞ്ഞ 82 വർഷങ്ങളായി ഞങ്ങൾ താമസിച്ചു വരുന്നു. ഈ വീട് 173 കൊല്ലം പഴക്കമുള്ളതാണ്. ഇത് സിമെന്റിനാൽ കെട്ടിയ വീടല്ല. പഴയ കാലത്ത് ചുണ്ണാമ്പ്, മണൽ, കട്ടക്കായി, പനംകരിപ്പെട്ടി എല്ലാം ചേർത്ത് കുഴച്ച് (സിമെന്റിനു പകരം)നിർമ്മിച്ചതാണ്. പഴയ കൊട്ടാരങ്ങൾ ഇതേ രീതിയിൽ പണിതതുകൊണ്ട് കോപ്പറേഷൻകാർ ഇതിനെ പൊളിച്ചില്ല. മേൽക്കൂര പഴയ ഓട് കൊണ്ട് നിർമിച്ചവയാണ്. 6 റൂമും 3 ഹാളും വീട്ടിലെ നടുവിൽ വറ്റാത്ത കിണറും 4604 SQFT വിസ്തീർണ്ണത്തിൽ ഉള്ള വീടാണ്. വാടകക്ക് താമസിച്ചിരുന്ന ഞങ്ങൾക്ക് കുറഞ്ഞ വിലക്ക് വിറ്റിട്ട് അതിന്റെ ഉടമസ്ഥനായ ഒരു മുസ്ലിം വ്യക്തി ബാംഗ്ളൂരിലേക്ക് പോയി. ഈ വീട്ടിൽ മൂന്നുപേർ ഞങ്ങൾ വരുന്നതിനു മുൻപ്, തൂങ്ങി മരിച്ചത് കൊണ്ട് ആരും ഇത് വിലക്ക് വാങ്ങുവാൻ തയ്യാറായില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഇത്രയും തുച്ഛമായ വിലക്ക് ഈ സ്ഥലം ലഭിച്ചത്.




അത് പോലെ എന്റെ വാഹനവും 45 വർഷമായി ROYAL ENFIELD BULLET ഉപയോഹിച്ചുവരുന്നു. കുടുംബമായിട്ടു പള്ളിയിലോ മറ്റോ ആവശ്യങ്ങൾക്കോ പോകുവാൻ ചെറിയ കാറായ നാനോ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

എബ്രാ:13:5 ൽ രേഖപ്പെടുത്തിയത് പോലെ, ഉള്ളത് മതി എന്നുള്ള ചിന്ത നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ ദൈവം പറയുന്നു നിന്നെ ഞാൻ ഒരിക്കലും തള്ളുകയില്ല ഉപേക്ഷിക്കയുമില്ലായെന്ന്. ദ്രവ്യാഗ്രഹം എല്ലാ തിന്മക്കും കാരണമെന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നു. ഇനിയും വേണമെന്നുള്ള അത്യാഗ്രഹം ഇല്ലാത്തവണ്ണം ഇത്രയും വർഷങ്ങളായി എന്റെ ദൈവം എന്നെ സൂക്ഷിച്ചു. ഈ വീട്ടിൽ മൂന്നുപേർ മരിച്ചാലും 6 പേർ മരിച്ചാലും അത് ഞങ്ങളെ പേടിപ്പിച്ചിട്ടില്ല. ലോകത്തിലുള്ളവനെക്കാൾ നിങ്ങളുടെ ഉള്ളിലുള്ളവൻ വലിയവൻ എന്ന് വേദപുസ്തകം പറയുന്നു. പണമോ സമ്പത്തോ തരാത്ത ഒരു ദൈവീക സമാധാനം ഞങ്ങളിൽ ഉണ്ടായിരുന്നത് കൊണ്ട്, ഞാനും എന്റെ കുടുംബവും ആത്മാവിലും ശരീരത്തിലും സന്തോഷമായി കഴിയുന്നു. ഞങ്ങളുടെ വീട് രണ്ടു മക്കൾക്കുമായി വീതിച്ചു കൊടുത്തു. ഇപ്പോൾ ഞങ്ങൾക്ക് സ്വന്തമായി ഒരു വീടില്ല. ബാങ്ക് ബാലൻസും ഇല്ല.




**ഇതു എഴുതുവാനുള്ള മുഖ്യ കാരണം**

എന്റെ വായനക്കാർക്ക് ഒന്നും മറക്കുന്നില്ല. ഈ വിഷയങ്ങളെല്ലാം എന്റെ വായനക്കാർക്ക് നേരത്തെ എഴുതിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷമായി വായനക്കാരുടെ എണ്ണം വർദ്ധിച്ചു പുതിയ തലമുറ വായനക്കാരുടെ അറിവിലേക്കാണ് ഞാൻ വീണ്ടും ഈ വിഷയത്തെക്കുറിച്ച് എഴുതിയത്.

അപ്പോൾ ദവീദ് രാജാവ് അകത്തുചെന്ന് യഹോവയുടെ സന്നിധിയിൽ ഇരുന്നു പറഞ്ഞതെന്തെന്നാൽ : കർത്തവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ ഗൃഹവും എന്നുള്ളു?(2 ശമൂ :7:18,19)

**ഡോ. പുഷ്പരാജ**

# കൊറോണ വാക്സിനേഷൻ അവിശ്വാസത്തിന്റെ അടയാളമോ?

ധാരാളം പേർക്ക് വാക്സിനേഷൻഷൻ എടുത്ത ശേഷം എന്തെങ്കിലും പ്രയാസങ്ങൾ നേരിടേണ്ടി വരുമോ? നല്ല വിശ്വാസികൾക്ക് ഇത് അന്തിക്രിസ്തുവിന്റെ വേലയോ? വെളിപാട് പുസ്തകത്തിൽ എഴുതിയിരിക്കുന്ന 666 എന്നുള്ള പിശാചിന്റെ സംഖ്യയായി ബന്ധപ്പെട്ടിട്ടുള്ളതാണോ? എന്ന വിധത്തിലുള്ള അനേകം സംശയങ്ങൾ എന്നോട് ചോദിച്ചു കൊണ്ടിരുന്നു.

അവിശ്വാസത്തിന്റെ അടയാളമായിട്ട് ഈ വാക്സിനേഷനെ സംശയിക്കുന്നു. വിശ്വാസികൾ ശ്രദ്ധിക്കുക. നമ്മുടെ ദൈവം തന്നെ നമ്മുടെ പരമ വൈദ്യനായിരിക്കുന്നത് കൊണ്ട്, ഈ കൊറോണ പ്രധിരോധ വാക് സിൻ സ്വീകരിക്കുന്നത് അവിശ്വാസത്തിന്റെ അടയാളമായി ചിലർ കരുതുന്നു. പ്രത്യേകമായി TPM (The Pentecost Mission) സഭക്കാരും യാഹോവ സാക്ഷി സഭക്കാരും ഈ വാക്സിനേഷൻ എടുക്കുന്നില്ല എന്നു പറയപ്പെടുന്നു. പക്ഷേ, അവർ രഹസ്യമായി വാക് സിനേഷൻ സ്വീകരിക്കുന്നു. കാരണം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയുവാൻ നിർബന്ധമായും വാക്സിനേഷൻ സ്വീകരിച്ച സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയതിനു ശേഷമാണ് അവർ രഹസ്യമായി ഈ വാക്സിനേഷൻ സ്വീകരിക്കുന്നത്. കാരണം ട്രെയിനിലോ ബസ്സിലോ വിമാനത്തിലോ സഞ്ചരിക്കണമെങ്കിൽ ഈ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. 2020-ൽ ആദ്യത്തെ കൊറോണ തരംഗത്തിൽ അകപ്പെട്ട TPM പാസ്റ്റർമാരും വിശ്വാസികളും ആശുപത്രിയിൽ അഡ്മിറ്റ് ആയ വിവരം എനിക്ക് നന്നായിട്ടറിയാം.

ദൈവം തന്നെ നമുക്ക് പരിഹാരകനും വൈദ്യനുമായിരുന്നു. നമുക്ക് സൗഖ്യം കൊടുത്തിരുന്നാലും പുറ: 15:26–ൽ മനുഷ്യന് ദൈവം സൗഖ്യം കൊടുക്കുന്ന രീതികൾ വ്യത്യസ്തമായിരിക്കുന്നത് വേദവചനത്തിൽ വായ്ക്കുവാൻ സാധിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവം ചില സമയങ്ങളിൽ ഘട്ടം ഘട്ടമായി സൗഖ്യം കൊടുക്കുന്നതായി നാം കാണുന്നുണ്ട്. യേശു ക്രിസ്തു ഒരു മനുഷ്യനായി ഈ ലോകത്തിൽ ജീവിച്ച കാലത്തിൽ, പല സാഹചര്യങ്ങളിൽ ഉടൻ തന്നെ രോഗികളെ പൂർണ്ണമായും സൗഖ്യപ്പെടുത്തിയതായി കാണാം. എന്നാൽ ചില സമയങ്ങളിൽ ഘട്ടം ഘട്ടമായി സൗഖ്യം കൊടുക്കുന്നതും നമുക്ക് കാണുവാൻ കഴിയും.

ഉദാഹരണമായി ബെത്ത്സെയിദാ എന്ന പട്ടണത്തിൽ ഒരു കുരുടനെ സൗഖ്യപ്പെടുത്തിയപ്പോൾ അവന്റെ കൈപിടിച്ച് ഗ്രാമത്തിൽ നിന്നും പുറത്തു കൊണ്ട് പോയി, അവന്റെ കണ്ണുകളിൽ തുപ്പി അവന്റെ മേൽ കൈകൾ വച്ച് എന്തെങ്കിലും നീ കാണുന്നുണ്ടോ എന്നു ചോദിച്ചു. അവൻ തല പൊക്കി നോക്കി, നടന്നുപോകുന്ന ആളുകളെ മരങ്ങളെപ്പോലെ കാണുന്നു എന്ന് പറഞ്ഞു. പിന്നെ അവൻ വീണ്ടും അവന്റെ കണ്ണുകളിൽ കൈവച്ച് തല പൊക്കി നോക്കുവാൻ പറഞ്ഞു. അപ്പോൾ അവൻ സൗഖ്യമായി എല്ലാവരേയും വ്യക്തമായി കണ്ടു (മാർക്കോ:8:22–25). ഈ സംഭവത്തിൽ യേശു ക്രിസ്തു ഉടനടിയായി പൂർണ്ണ സൗഖ്യത്തെ കൊടുത്തില്ല. രണ്ടു ഘട്ടമായി അവൻ സൗഖ്യത്തെ കൊടുത്തു. അതുകൊണ്ടാണ് ആ കുരുടൻ സൗഖ്യം പ്രാപിച്ചപ്പോൾ ആരംഭത്തിൽ വ്യക്തമല്ലാത്ത രീതിയിൽ മരങ്ങളെപ്പോലെ മനുഷ്യരെ കാണുന്നു എന്ന് പറഞ്ഞത്. രണ്ടാമത്തെ ഘട്ടത്തിലാണ് മനുഷ്യരെ കാണുന്നു എന്ന് പറഞ്ഞത്.

ഇതുപോലെ തന്നെയാണ് ഇപ്പോഴുള്ള കാലത്തിലും, ചില സമയങ്ങളിൽ രോഗികളെ ഘട്ടം ഘട്ടങ്ങളായി സൗഖ്യപ്പെടുന്നത് നാം കാണുന്നു. ദൈവം തന്റെ സമയം വരുന്നതുവരെ കാത്തിരുന്നു സൗഖ്യം കൊടുക്കുന്നവരായി കാണപ്പെടുന്നു.

അടുത്ത ഉദാഹരണമായി ജനനം മുതൽ മുടന്തനായിരുന്ന ഒരുവനെ ദൈവാലയത്തിന്റെ മുന്നിൽ ഭിക്ഷ യാചിക്കുന്നവനായി പല വർഷങ്ങളായി യേശു ക്രിസ്തു കണ്ടു. പക്ഷേ യേശുക്രിസ്തുവിന്റെ കാലത്തിൽ അവനെ സൗഖ്യപ്പെടുത്താതെ തന്റെ ശിഷ്യന്മാരിൽ കൂടി അവനെ സൗഖ്യപ്പെടുത്തി. ദൈവം ഉടനെയും സൗഖ്യപ്പെടുത്തും, ഘട്ടം ഘട്ടമായും സൗഖ്യപ്പെടുത്തും. ചില സമയം, തന്റെ സമയം വരുന്നത് വരെ കാത്തിരുന്ന് സൗഖ്യം കൊടുത്തത് മാത്രമല്ല, മരുന്നുകൾ മുഖാന്തിരമായും സൗഖ്യം കൊടുക്കുന്നവനാണ്. അതുകൊണ്ട്, സൗഖ്യം കൊടുക്കുന്നതും നാം മരുന്നുകൾ സ്വീകരിക്കുന്നതും ഒന്നിനൊന്ന് വ്യത്യാസം ഉള്ളതല്ല. എന്തുകൊണ്ടെന്നാൽ ചില നേരങ്ങളിൽ നേരിട്ട് നമുക്ക് സൗഖ്യത്തെ നൽകുന്ന ദൈവം ചില നേരങ്ങളിൽ മരുന്നുകൾ മുഖേനയും സൗഖ്യത്തെ നൽകുന്നു. ഇതുകൊണ്ടാണ് മരണ അവസ്ഥയിലായിലായിരുന്ന ഹിസ്ക്കിയാരാജാവിന് 15 വർഷം തന്റെ ആയുസ്സിനെ നീട്ടി നൽകിയ ദൈവം അവന്റെ ശരീരത്തിലിരുന്ന രോഗം സൗഖ്യമാക്കാൻ വേണ്ടി അന്നത്തെ കാലത്ത് മരുന്നായി ഉപയോഗിക്കപ്പെട്ട അത്തിപ്പഴ അടയെ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചത് (2രാജാ:201–7). അതായത്, ഹിസ്ക്കിയ രാജാവ് സൗഖ്യമാകും എന്ന ദൈവത്തിന്റെ സന്ദേശം അറിയിച്ച യെശയ്യാവ് അത്തിപ്പഴ അടയെ കൊണ്ടുവരാൻ പറഞ്ഞു. അത് രാജാവിന്റെ സേവകർ കൊണ്ട് വന്ന് അവന്റെ ശരീരത്തിലെ പഴുപ്പിനു മേലെ ഇട്ടപ്പോൾ അവൻ സൗഖ്യമായി (2രാജാ:20:7). എന്തുകൊണ്ടെന്നാൽ, അന്നത്തെകാലത്ത് അത് ഒരു ഔഷധമായിട്ട് ഉപയോഗിച്ചിരുന്നു. അതുകൊണ്ട് യഹോവ ഹിസ്ക്കിയാവിന് സൗഖ്യം കെടുത്തുവെങ്കിലും അത് മരുന്ന് മുഖേനയാണ് നൽകിയത്. അതിനു കാരണം കൊട്ടാരത്തിലെ മറ്റുള്ള പലരും കാണുവാൻ വേണ്ടിയായിരിക്കും. പഴയ നിയമ കാലത്തിൽ അത്തിപ്പഴ അട മാത്രമല്ല, ഗിലെയാദ് മലയിൽ വളരുന്ന മരങ്ങളിൽ നിന്നും ഉണ്ടാക്കുന്ന തൈലം, എല്ലാവർക്കും അറിയാമായിരുന്ന ഒരു മരുന്നായിരുന്നു. (യിരെ:8:22). പഴയ നിയമ കാലത്തിൽ ദൈവം രണ്ടുപേർക്കിടയിൽ ഉണ്ടായ ആക്രമണത്തിൽ

ഒരാൾക്ക് മുറിവ് ഉണ്ടായാൽ മുറിവ് ഉണ്ടായവൻ ആ മുറിവിനെ വൈദ്യർ മുഖേന സൗഖ്യപ്പെടുത്തിയാൽ അതിന്റെ ചിലവ് മുറിവുണ്ടാക്കിയവൻ നൽകണം എന്ന് കല്പന നൽകിയിരുന്നു (പുറ:21:18,19). ഈ കല്പനയിൽ അവനെ പൂർണ്ണമായും സൗഖ്യമാക്കണം എന്ന് പറഞ്ഞുതന്നിട്ടുണ്ട്.

ഇതുപോലെ തന്നെ യശയ്യാ പ്രവാചകനിലൂടെ ഇസ്രായേൽ ജനങ്ങളോട് ദൈവം സംസാരിക്കുമ്പോൾ 'മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളു. അവയെ ഞെക്കി കഴുകിയിട്ടില്ല, വച്ചു കെട്ടിയിട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല 'യെശ:1: 6) എന്ന് ദൈവം അറിയിച്ചു. വാസ്തവത്തിൽ ഇത് യിസ്രായേല്യരുടെ സ്ഥിതിയെ അവർക്കു മനസ്സിലാക്കുവാൻ വേണ്ടി പറഞ്ഞതാണെങ്കിലും അന്നത്തെ കാലത്തു മുറിവുകളെ സൗഖ്യപ്പെടുത്തുന്ന രീതി അതായിരുന്നു. അതുകൊണ്ട് നമ്മുടെ ദൈവം, മരുന്ന് ഉപയോഹിക്കുന്നതിനും, ചികിത്സകൾ നടത്തുന്നതിനും എതിരായിട്ടുള്ളവർ അല്ല എന്ന് മനസ്സിലാക്കുവാൻ സാധിക്കും. പഴയ നിയമ കാലത്തെ പ്രവാചകന്മാർ രോഗികളെ സൗഖ്യപ്പെടുത്തടുമ്പോൾ അന്നത്തെ കാലത്തെ ചികിത്സാരീതികൾ നമുക്ക് വേദപുസ്തകത്തിൽ കാണാൻ കഴിയും.

ഉദാഹരണമായി മരിച്ചുപോയ കുഞ്ഞിനെ ഉയർപ്പിച്ച ഏലീശാ പ്രവാചകൻ, ആദ്യം തന്നിലുള്ള ദൈവീക ശക്തിയെ കാണിക്കുന്നതിനായി തന്റെ കയ്യിൽ ഉണ്ടായിരുന്ന വടിയെ ആ കുഞ്ഞിന്റെ പുറത്തു വച്ചു. പക്ഷേ ഒരു മാറ്റവും ഉണ്ടായില്ല. (2രാജാ:4:29–32). അതുകൊണ്ട് അവൻ ദൈവത്തെ നോക്കി പ്രാർത്ഥിച്ച് കുഞ്ഞിന്റെ അടുക്കൽ പോയി തന്റെ വായ് കുഞ്ഞിന്റെ വായിലും തന്റെ കണ്ണുകൾ ആ കുഞ്ഞിന്റെ കണ്ണുകളിൽന്മേലും തന്റെ ഉള്ളംകൈ കുഞ്ഞിന്റെ ഉള്ളം കൈമേൽ വച്ചുംകൊണ്ട് കമിഴ്ന്ന് കിടന്നു. അപ്പോൾ ആ കുഞ്ഞിന്റെ ശരീരത്തിന് ചൂട് പിടിച്ചു. എന്നാലും ഏലീശാ എണീറ്റ് ആ മുറിയിലുടനീളം നടന്ന് വീണ്ടും ആകുഞ്ഞിന്റെ മേലെ

കമിഴ്ന്നു കിടന്നു. അതിന്റെ ശേഷമാണ് ആ കുഞ്ഞ് 7 പ്രാവശ്യം തുമ്മി തന്റെ കണ്ണുകളെ തുറന്നത്(2 രാജാ:4:32–35)

ഈ സംഭവത്തിൽ, മരിച്ചുപോയ കുഞ്ഞിന്റെ മേൽ ഏലീശാ കിടന്നുകൊണ്ട് ചെയ്തത് പഴയകാലത്ത് ഹൃദയസ്പന്ദനം നിലച്ചുപോയവർക്ക് അത് വീണ്ടും ഉണർത്തുവാൻ ചെയ്യുന്ന വൈദ്യചികിത്സ രീതിയാകുന്നു. കുഞ്ഞ് ജീവനോടെ എണീക്കുവാൻ വേണ്ടി ഏലീശാ പ്രാർത്ഥിച്ചപ്പഴും പ്രാർത്ഥനയോടൊപ്പം പഴയ കാല ചികിത്സയും ചെയ്തതായി നമുക്ക് കരുതാം. 7 പ്രാവശ്യം തുമ്മി കുഞ്ഞ് തന്റെ കണ്ണുകളെ തുറന്നുവെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. (2രാജാ :4:35)

ഇതുപോലെത്തന്നെ ഏലിയാവ് പ്രവാചകൻ ഒരു കുഞ്ഞിനെ ജീവിപ്പിച്ചു.(1 രാജാ:17:17–24). ഏലിയാവ് പ്രാണൻ നഷ്ടപ്പെട്ട കുഞ്ഞിന് പ്രാണൻ തിരികെ ലഭിക്കുവാൻ പ്രാർത്ഥിച്ചത് സത്യമാണ്, എന്നാലും അവൻ ആ കുഞ്ഞിന്റെ മേൽ 3 പ്രാവശ്യം കമിഴ്ന്നുവീണ രീതിയും പഴയ കാല വൈദ്യചികിത്സാരീതിയാണ്. പുതിയ നിയമ കാലത്തിൽ അപ്പോസ്തലനായ പൗലോസും ഇതുപോലൊരു വ്യക്തിയെ ചികിൽസിച്ചു സൗഖ്യമാക്കിയതായി കാണാം. അവൻ മരിച്ചവന്റെമേൽ വീണ് കെട്ടിപിടിച്ച് അവൻ ജീവനോടെ ഇരിക്കുന്നുവെന്ന് അറിയിച്ചു (അപ്പൊ:20:9,10). അതുകൊണ്ട പ്രാർത്ഥനയും വൈദ്യ ചികിത്സയും ചേർന്ന് ചെയ്യുന്നത് ദൈവം മനുഷ്യരെ സൗഖ്യപ്പെടുത്തുന്ന വഴികളിൽ ഒന്നായിരിക്കുന്നത് വേദ പുസ്തകത്തിൽകൂടി സൂചിപ്പിക്കുന്നു.

മാത്രമല്ല, പുതിയ നിയമകാലത്തിൽ 'നിങ്ങളിൽ ദീനമായികിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ' (യാക്കോ: 5:14) എന്നും 'വിശ്വാസത്തോട് കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും' (യാക്കോ:5:15) എന്നും വേദപുസ്തകം നമ്മെ

പഠിപ്പിക്കുന്നു. ഈ വചനത്തിൽ എണ്ണ പൂശി എന്നു പറയുന്നത് വൈദ്യചികിത്സയായി കണക്കാക്കും. എന്തുകൊണ്ടെന്നാൽ അക്കാലത്ത് ഉപയോഗിച്ചിരുന്ന ഒലിവെണ്ണ പലവിധ രോഗങ്ങൾക്കും മരുന്നായിരുന്നു. ഇതുകൊണ്ടു തന്നെ നല്ല ശമര്യക്കരന്റെ ഉപമയിൽ മുറിവേറ്റു കിടന്നവന്റെ മുറിവുകളിൽ എണ്ണ ഒഴിക്കപ്പെട്ടതായി പറയുന്നത് (ലുക്കോ:10:34). ഇതുപോലെ തന്നെ യെശ:1:6 ൽ **മുറിവുകൾ എണ്ണയാൽ പൂശപ്പെടാതിരുന്ന** എന്ന ഒരു കുറിപ്പും കാണപ്പെടുന്നു. പഴയ നിയമ കാലത്തിൽ ഏരോദ് എന്ന രാജാവ് രോഗിയായിരുന്നപ്പോൾ അവന്റെ സൗഖ്യത്തിനായി എണ്ണയാൽ കുളിപ്പിച്ചതായി യഹൂദ ചരിത്രം രചിച്ച ജോസിഫസ് രേഖപ്പെടുത്തി യിരിക്കുന്നു.

അന്നത്തെ കാലത്തെ വൈദ്യന്മാർ പല്ലുവേദനമുതൽ തളർവാതം വരെയുള്ള സകല രോഗങ്ങൾക്കും എണ്ണയെ നല്ല മരുന്നായി കരുതിയിരുന്നു. അതുകൊണ്ടാണ് എണ്ണ പൂശി പ്രാർത്ഥിക്കുവാൻ കല്പന പറഞ്ഞത്, മരുന്നോടെയുള്ള പ്രാർത്ഥനയായി കരുതപ്പെടുന്നു. ചില ഗവേഷകർ എണ്ണ പൂശുന്നത്, എണ്ണയാൽ അഭിഷേകം ചെയ്തതായി കരുതി. പക്ഷേ അഭിഷേകിക്കപ്പെടുവാൻ പതിവായി ഉപയോഗിക്കപ്പെടുന്ന **ക്രിയോ** എന്ന ഗ്രീക്ക് പദത്തെ, യാക്കോബ് ഈ വചനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അവൻ **അലൈഫോ** എന്ന ഗ്രീക്ക് പദമാണ് ഉപയോഗിച്ചത്. അതിന് പൂശുക എന്നാണർത്ഥം. അതുകൊണ്ട് സാധാരണ എണ്ണയെ മരുന്നായി ഉപയോഗപ്പെടുത്തുന്നതായി യാക്കോബ് ഈ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ട വിഷയം നാം മരുന്നുകൾ ഉപയോഗിക്കുന്നത് ദൈവത്താൽ അഗീകരിക്കപ്പെട്ടിട്ടുള്ള പ്രാക്ടിക്കൽ രീതിയായിട്ടുള്ളതാണ്. യഥാർത്ഥത്തിൽ നമുക്ക് സൗഖ്യം തരുന്നത് ദൈവം തന്നെയാണ്. നാം ഏത് മരുന്നുതന്നെ ഉപയോഗിച്ചാലും ദൈവത്താൽ മാത്രമേ നമുക്ക് സൗഖ്യം ലഭിക്കുകയുള്ളു എന്ന വിശ്വാസം നമുക്ക് ഇല്ലാതെ പോയാൽ മരുന്നും പ്രാർത്ഥനയും നമുക്ക് ഫലം നൽകുകയില്ല. അതുകൊണ്ടു തന്നെ മരുന്നുകൾ ഉണ്ടാക്കുവാൻ

ആവശ്യമായ ചെടികളെയും ദൈവം തന്നെ ഈ പ്രകൃതിയിൽ സൃഷ്ടിച്ചു വച്ചിരിക്കുന്നത്.

പുതിയ നിയമ കാലത്തിൽ വീഞ്ഞും മരുന്നായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ നല്ല ശമര്യക്കാരന്റെ ഉപമയിൽ എണ്ണയോടൊപ്പം വീഞ്ഞുരസവും കള്ളന്മാരാൽ മുറിവേറ്റു കിടന്നവന്റെ മുറിവുകളിൽ ഒഴിച്ചതായി നാം വായിക്കുന്നു. (ലുക്കോ:10:34) എന്തുകൊണ്ടെന്നാൽ, വീഞ്ഞിൽ നിന്നും എടുക്കുന്ന രസത്തിന് കൃമികളെ നശിപ്പിക്കുവാനുള്ള ശക്തി ഉണ്ട്.അത് വ്രണമാകാതെയിരിക്കുവാൻ മുറിവ് കഴുകുവാൻ വേണ്ടി അക്കാലത്ത് വീഞ്ഞിലെ രസത്തെ ഉപയോഗിച്ചിരുന്നു. മാത്രമല്ല, കുടിക്കുന്ന വെള്ളത്തെ ശുദ്ധീകരിക്കുവാനും വീഞ്ഞ്രസം ഉപയോഗിച്ചിരുന്നു. അതുകൊണ്ടു തന്നെ ശുദ്ധമല്ലാത്ത വെള്ളം കുടിച്ച് ഉണ്ടാകുന്ന വയറിലെ അസുഖത്തിന് ഇനി വെള്ളം മാത്രം കുടിക്കാതെ വെള്ളത്തോടൊപ്പം കുറച്ച വീഞ്ഞിന്റെ രസവും ചേർത്ത് കുടിക്കുവാൻ പൗലോസ് തിമോഥയോസിന് ഉപദേശിക്കുന്നു (1തീമോ:5:23). ഇപ്പോഴത്തെ കാലത്ത് വെള്ളം ശുദ്ധീകരിക്കുവാൻ ക്ളോറിൻ ഉപയോഗിക്കുന്നത് പോലെ അന്നത്തെ കാലത്തിൽ വീഞ്ഞന്റെ രസത്തെ ഉപയോഗപ്പെടുത്തിയിരുന്നു.

ക്രിസ്ത്യാനികളായ നാം മരുന്നുകൾ ഉപയോഗിക്കുവാൻ ഡോക്ടർമാരുടെ സഹായം തേടി പോകുന്നതിന് നമ്മുടെ ബൈബിൾ അനുവാദം കൊടുത്തിട്ടുണ്ട്. എങ്കിലും, അതിനെ പൂർണ്ണമായും സ്വീകരിക്കാത്തവർ പഴയ നിയമ കാലത്തിൽ ആസ എന്ന രാജാവ് വൈദ്യന്മാരെ തേടി പോയത് തെറ്റായ പ്രവണത എന്നു ചൂണ്ടിക്കാണിക്കുന്നു. 2 ദിന:16:12 ൽ അവന്റെ രാജ വാഴ്ചയുടെ 39–ാം വർഷത്തിൽ തന്റെ കാലുകളിൽ വന്ന വ്യാധിയാൽ വളരെയധികം വേദനയുണ്ടായി. സഹിക്കാൻ പറ്റാത്ത വേദനയിലും അവൻ ദൈവത്തെ വിളിക്കാതെ വൈദ്യന്മാരെ തേടിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ആസ രാജാവ് വൈദ്യന്മാരെ തേടിയത് തെറ്റയിട്ടല്ല ഇവിടെ പറഞ്ഞത്. പക്ഷേ

അവൻ ദൈവത്തെ തേടാതെ ഇരുന്നതാണ് ദിനവൃത്താന്ത ഗ്രന്ഥകാരൻ തെറ്റായി ചൂണ്ടിക്കാണിച്ചത്. മാത്രമല്ല, ആസ അതിനു മുൻപും ദൈവത്തെ തേടാതിരുന്നവനായും ദിനവൃത്താന്തം ചൂണ്ടിക്കാണിക്കുന്നു. ആസയുടെ ആരംഭ കാല ഭരണത്തിൽ ദൈവത്തെ തേടുന്നവനായി ഇരുന്നു (2ദിന:14:2–5). എത്യോപ്യരുമായിട്ട് ഉണ്ടായ യുദ്ധത്തിൽ, അവൻ ദൈവത്തെ തേടി, ജയം പ്രാപിച്ചു എന്നു കാണാം (2ദിന :14:10–12). അതിന്റെ ശേഷം 35 വർഷക്കാലം ആസ ദൈവത്തിന്റെ വാക്കുകൾക്ക് അനുസരണ കാണിച്ചവനായിരുന്നു (2 ദിന:15:8–9). പക്ഷേ, രാജവാഴ്ചയുടെ 36–ാം വർഷത്തിൽ, യിസ്രയേൽ രാജാവായ ബയശാ, യഹൂദയെ ആക്രമിക്കുവാൻ വന്നപ്പോൾ, ആസ ദൈവത്തെ തേടാതെ സിറിയ രാജാവിന്റെ സഹായം തേടി (2 ദിന:16:1–4). ആസയുടെ ഈ തെറ്റിനെ ദൈവത്തിന്റെ പ്രവാചകൻ ചൂണ്ടിക്കാണിച്ചപ്പോൾ, ആസ അവന്റെ വാക്കിന് ചെവികൊടുത്തില്ല. മറിച്ച്, അവനെ ജയിലിലടച്ചു (2 ദിന:16:7–10). അതുകൊണ്ട് ആസയുടെ ഈ തെറ്റായ പ്രവർത്തിക്കു ദൈവശിക്ഷയുടെ മുന്നറിയിപ്പായി അവന് രോഗം പിടിപെട്ടു.

ദിനവൃത്താന്ത പുസ്തകം എഴുതപ്പെട്ട കാലത്തിൽ യഹൂദന്മാർ മരുന്നുകൾ ഉപയോഗിക്കുന്നതും വൈദ്യന്മാരെ തേടിയതും തെറ്റായി കരുതപെട്ടിട്ടില്ല. കാരണം, വൈദ്യന്മാരും മരുന്നുകളും ദൈവത്തിന്റെ കൃപയായി, മനുഷ്യർക്കു വേണ്ടി നൽകപ്പെട്ട സമ്മാനങ്ങളായി, അന്നത്തെ യഹൂദന്മാർ വിശ്വസിച്ചിരുന്നു.

ഇതുകൊണ്ട് തന്നെ, ലൂക്കോസിനെ അപ്പോസ്തലനായ പൗലോസ് എന്റെ പ്രിയപ്പെട്ട വൈദ്യൻ എന്ന് സൂചിപ്പിച്ചു (കൊലൈ:4:14). എന്തുകൊണ്ടെന്നാൽ രോഗികൾക്കാണ് വൈദ്യനെ ആവശ്യം എന്ന് യേശു നേരത്തെ പറഞ്ഞിരുന്നു (മത്താ:9:12). അതുകൊണ്ടാണ് റോമാ ഗവൺമെന്റ് മുഖേന ക്രിസ്ത്യാനികൾക്കുണ്ടായ ഉപദ്രവങ്ങൾ അവസാനിച്ച ശേഷം A.D നാലാം നൂറ്റാണ്ടിൽ ആശുപത്രിയുടെ പ്രവർത്തനങ്ങൾ

ക്രിസ്ത്യാനികൾ തന്നെ ആരംഭിച്ചത്. അതുകൊണ്ട്, ദൈവം സൗഖ്യം തരും എന്നുള്ള വിശ്വാസത്തോടെ പ്രാർത്ഥനയോടെ മരുന്നുകൾ കൈക്കൊള്ളുന്നത് യാതൊരുവിധത്തിലും തെറ്റില്ല.

പഴയ നിയമ കാലത്തിൽ ആഹാര വിഷയത്തിൽ ദൈവം ചില നിയമങ്ങൾ ഉണ്ടാക്കി (ലേവ്യ:11:16). ഭക്ഷിക്കുവാൻ പാടില്ലാത്ത ചില മൃഗങ്ങൾ, പക്ഷികൾ, മീനുകൾ എന്നിവയുടെ പട്ടികകൾ രേഖപ്പെടുത്തിയിരിക്കുന്നു. ആധുനിക ഗവേക്ഷകരുടെ ഗവേഷണത്തിൽ ഈ പട്ടികയിൽ നല്കപ്പെട്ടിരിക്കുന്നവയുടെ ശരീരത്തിൽ മാരകമായ രോഗവാഹകരായ കൃമികൾ ഉണ്ടായിരുന്നതായി തെളിയിക്കപ്പെട്ടു. അതുകൊണ്ട് മിശ്രയീമ്യർക്കു വന്ന യാതൊരു രോഗവും യിസ്രായേല്യരെ ബാധിക്കില്ലായെന്ന് ദൈവം വാക്ക് കൊടുത്തു (പുറ:15:26). യിസ്രായേല്യർ ആരോഗ്യവാന്മാർ ആയിരിക്കുവാൻ വേണ്ടി, മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന കൃമികളെ വഹിക്കുന്ന, പക്ഷി മൃഗാതികളുടെ മാംസം ഭക്ഷിക്കരുത് എന്നുള്ള കല്പന ദൈവം നൽകി. ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ പുരോഗതിയിൽ, പക്ഷിമൃഗാതികളിലുള്ള രോഗവാഹകരായ കൃമികളെ നശിപ്പിക്കുവാനുള്ള കണ്ടുപിടിത്തങ്ങളുടെ ഫലമായി പഴയ കാലത്ത് നിഷേധിക്കപ്പെട്ട പക്ഷി മൃഗാതികളുടെ മാംസം ഭക്ഷണ യോഗ്യമാക്കി തീർക്കുവാനുള്ള ഉപാധികളും കണ്ടുപിടിച്ചിട്ടുണ്ട്. മാത്രമല്ല പഴയ നിയമത്തിൽ ദൈവം ഉണ്ടാക്കിയ ചട്ടങ്ങളെ പുതിയ നിയമത്തിൽ കർത്താവ് മാറ്റിയെഴുതി. പുതിയ നിയമത്തിൽ മനുഷ്യൻ വായ് കൊണ്ട് കഴിക്കുന്നതൊന്നും അശുദ്ധമല്ലായെന്നും മനുഷ്യന്റെ വായിൽ നിന്നും പുറപ്പെടുന്ന വാക്കുകളാണ് അവനെ അശുദ്ധമാക്കുന്നതെന്നും മാറ്റിയെഴുതി.

അതുകൊണ്ട് ചില സഭകൾ മരുന്ന് കഴിക്കുന്നത് പാപം എന്നും മറിച്ച് മരുന്ന് കഴിക്കുന്നവർ കർതൃ മേശയിൽ പങ്കു കൊള്ളാൻ യോഗ്യരല്ല എന്നും പഠിപ്പിക്കുന്നു. വേദ പുസ്തകം ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല.

ഇങ്ങനെതെറ്റായ ഉപദേശം നൽകുന്ന പാസ്റ്റർമാർ തങ്ങളുടെ കണ്ണിന്റെ കാഴ്ചക്കുറവിന് പരിശോധന നടത്തി കണ്ണട വയ്ക്കുന്നു. കണ്ണട ഉപയോഗിക്കാത്ത പ്രായമായ പാസ്റ്റർമാർ വിരളമാണ്. അതുപോലെ പല്ലുവേദന വരുമ്പോൾ, മോണയിൽ മരുന്ന് കുത്തി വെക്കാതെ പല്ലു പറിക്കുവാനും സാധ്യമല്ല. ഇങ്ങനെ പല രീതികളിലും രഹസ്യമായി പല ചികിത്സകളും നടത്താറുണ്ട്. പക്ഷേ ഇങ്ങനെയുള്ളവർ സഭ ജനങ്ങളോട് ഉപദേശിക്കുമ്പോൾ മരുന്ന് കഴിക്കുന്നവർ തിരുമേശക്ക് യോഗ്യരല്ലായെന്ന് കാപട്യത്തോടെ ഉപദേശിക്കുന്നു.

അവസാനമായി, വായനക്കാരോട് എനിക്ക് പറയാനുള്ളത് എന്തെന്നാൽ, കൊറോണ രോഗമായാലും ഡെങ്കു രോഗമാണെങ്കിലും സിക്ക രോഗമാണെങ്കിലും ഏത് തരം രോഗമാണെങ്കിലും, തന്റെ ശരീരത്തിൽ നിന്നും മറ്റാരാളുടെ ശരീരത്തിലേക്ക് പകരാതിരിക്കുവാൻ വേണ്ടി സർക്കാർ തലത്തിൽ ഗവേക്ഷണം നടത്തി നിർമ്മിക്കുന്ന പ്രധിരോധ മരുന്ന് സ്വീകരിക്കുന്നതിൽ തെറ്റില്ല. അത് പിശാചിന്റെ നമ്പറായ 666 നോട് യാതൊരു ബന്ധവും ഉള്ളതല്ല. ഇനി കൊറോണയുടെ നാലാം തരംഗവും വരൻ പോകുന്നുവെന്ന് ലോകാരോഗ്യ സംഘടനാ മുന്നറിയിപ്പ് തന്നിട്ടുണ്ട്. അതിനായിട്ടുള്ള പുതിയ പ്രധിരോധ കുത്തിവെയ്പ്പുകളും വരൻ പോകുന്നു. നോർവേയിലെ ഗവേക്ഷകൻ പറഞ്ഞതുപോലെ, നാം കൊറോണയുമായി ഇടപഴകി ജീവിക്കുവാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. വിശ്വാസികളായ നാം ഓരോരുത്തരും ദൈവവചനങ്ങളെ ഗ്രഹിച്ച്, അനുസരിച്ച, വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെത്തന്നെ താഴ്ത്തി ദൈവകരങ്ങളിൽ സമർപ്പിച്ചു കൊണ്ട് ജീവിക്കുമെങ്കിൽ, നമ്മുടെ ജീവിതം കർത്താവിന്റ കരങ്ങളിൽ സുരക്ഷിതമായി എന്നും നിലനിൽക്കും. ദൈവ കൃപ നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**APRIL - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.